### നേർവളങ്ങൾ ഉപയോഗിക്കുമ്പോൾ

- രാസവളങ്ങൾ കഴിയുന്നത്ര തവണകളായി ഉപയോഗിക്കുക.
- വളപ്രയോഗത്തിന് മുമ്പ് വയലിലെ വെള്ളം വാർത്തു കളയുക. പിന്നീട് ഓന്നോ രണ്ടോ ദിവസം കഴിഞ്ഞു മാത്രമേ വെള്ളം കളയാവൂ.

## കീടരോഗ നിയന്ത്രണം

### കുഴൽപുഴു



- ഇളം പച്ചനിറത്തിലുള്ള ശരീരവും ഓറഞ്ച് നിറത്തിലുള്ള ശിരസ്സും ഉള്ള പുഴു ബീഡി പോലെയുള്ള കൂട്ടിനുള്ളിൽ കാണുന്നു.
- നെല്ലോലകൾ മുറിച്ചു കുഴലുകളുണ്ടാക്കി അവയിലിരുന്നു പുഴുക്കൾ ഇലകൾ തിന്നു നശിപ്പിക്കുന്നു. കുഴലുകൾ വയലിലെ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതും കാണാം.
- വയലിലെ വെള്ളം രണ്ടു ദിവസത്തേക്ക് വറ്റിക്കുക
- 50 കി.ഗ്രാം അറക്കപ്പൊടിയിൽ 1 ലിറ്റർ വേപ്പെണ്ണ ചേർത്ത് പാടത്ത് വിതറാം (1 ഏക്കറിന്) ആക്രമണം രൂക്ഷമാണെങ്കിൽ കീടനാശിനി തളിയ്ക്കുക.

### ലക്ഷ്മി രോഗം



- രോഗം ബാധിച്ച നെൽമണികൾ അതിന്റെ ഇരട്ടിയോളം വലിപ്പത്തിൽ ഗോളാകൃതിയിൽ കുമിളിന്റെ സ്പോറുകളുടെ കൂട്ടമായി മാറുന്നു.
- ആക്രമണം കണ്ടുവരുന്ന സ്ഥലങ്ങളിൽ മാങ്കോസെബ് 2% കതിരിടുന്നതിന് മുമ്പ് തളിയ്ക്കുക.

# തെങ്ങ്

### വരൾച്ചാ പ്രതിരോധ മുറകൾ

- **പുതയിടൽ**

  ഉണങ്ങിയ ഇലകളും ചപ്പുചവറുകളും ഉപയോഗിച്ചു പുതയിടുന്നത് മണ്ണിന്റെ താപനില കുറയ്ക്കുന്നു.

- **വെള്ളപൂശൽ**

  തെങ്ങിൻ തടിയിൽ അടിഭാഗത്ത് നിന്നും ആറടി ഉയരം വരെ വെള്ള പൂശുക. ഇത് കമുകിനും ഉത്തമമാണ്.

- **ഓലമുറിയ്ക്കൽ**

  വേനൽക്കാലത്ത് തെങ്ങിന്റെ ഏറ്റവും മൂപ്പെത്തിയ 2 – 3 പച്ചയോലകൾ വെട്ടുന്നത് ഇലയിലൂടെയുള്ള സ്വേദന നഷ്ടം കുറയ്ക്കും.

- **ചാലിൽ ജൈവാവശിഷ്ടങ്ങൾ നിറയ്ക്കൽ**

  തെങ്ങുകൾക്കിടയിൽ ഒരടി ആഴത്തിലും രണ്ടടി വീതിയിലും ചാലുകളെടുത്ത് ജൈവാവശിഷ്ടങ്ങൾ നിറയ്ക്കുന്ന രീതി അനുവർത്തിക്കുന്ന തോട്ടങ്ങളിൽ നന്നായി ഈർപ്പസംരക്ഷണം നടക്കുന്നു.

- ജൈവാവശിഷ്ടങ്ങൾ തെങ്ങിൻ തോട്ടത്തിൽ കത്തിക്കുന്ന തൊഴിവാക്കണം. ഇത് പുരയിടത്തിനായി ഉപയോഗിക്കണം.
- തെങ്ങിൻ തൈകൾക്ക് നന നൽകണം.

### വിത്ത് തേങ്ങാ ശേഖരണം

- വിത്ത് തേങ്ങാ ശേഖരണവും സംഭരണവും ഈ മാസവും തുടരാം. പൂർണവളർച്ചയെത്തിയ (ഏകദേശം 11 മാസം പ്രായമുള്ളവ) തേങ്ങകളാണ് ഇപ്രകാരം സംഭരിക്കേണ്ടത്. നഴ്സറിയിൽ പാകുന്നതിന് മുമ്പ് ചുരുങ്ങിയത് 2 മാസം തേങ്ങ തണലിൽ സൂക്ഷിക്കുക.

### വളപ്രയോഗം

- ജലസേചനം നടത്തുന്നതും 3 – 4 ഘട്ടങ്ങളിലായി രാസവളപ്രയോഗം നടത്തുന്നതുമായ തോട്ടത്തിൽ മൂന്നാം ഗഡു വളം ചെയ്തിട്ടില്ലെങ്കിൽ അത് ഇപ്പോൾ ചെയ്യണം. നാടൻ ഇനങ്ങൾക്ക് യൂറിയ, റോക്ക്ഫോസ്ഫേറ്റ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 550, 625, 835 ഗ്രാം വീതവും നൽകണം. ഒരു വർഷം വരെ പ്രായമായവർക്ക് മേൽപറഞ്ഞ അളവിന്റെ മൂന്നിലൊന്നും രണ്ടാം വർഷം പ്രായമായതിന് മൂന്നിൽ രണ്ടും മതി. മൂന്നാം വർഷം മുതൽ മുഴുവൻ അളവും നൽകണം.

### ജലസേചനം

- ഈ മാസം തെങ്ങിനും തൈകൾക്കും നന പ്രധാനമാണ്. മണലിന്റെ അംശം കൂടിയ മണ്ണിൽ 5 ദിവസത്തെ ഇടവേളകളിൽ 500 ലിറ്റർ വെള്ളവും കളിമണ്ണിന്റെ അംശം കൂടിയ മണ്ണിൽ 8 – 10 ദിവസത്തെ ഇടവേളകളിൽ 800 ലിറ്റർ വെള്ളവും നൽകുന്നതാണ് ഉചിതം. ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ കണികജലസേചനം അനുവർത്തിക്കാവുന്നതാണ്. ഇതിന് തെങ്ങൊന്നിന് 30 – 35 ലിറ്റർ വെള്ളം മതിയാകും.

## കമുക് – കീടരോഗനിയന്ത്രണം

### ബോറോൺ അഭാവം

- കായകൾ പൊള്ളിയതുപോലെ അടയാളങ്ങൾ ഉണ്ടാവുകയും, പിന്നീട് നെറുകെ വര പോലെ പ്രത്യക്ഷപ്പെടുകയും വിണ്ടു കീറുകയും ചെയ്യുന്നു.കായകൾ ചെറുതാകുകയും ഭാരം കുറയുകയും ചെയ്യുന്നു. രോഗലക്ഷണം കണ്ടാൽ കമുകിൻ തടത്തിൽ നല്ല നീർവാർച്ചാസൗകര്യം ചെയ്യുകയും ബൊറാക്സ് ഉപയോഗിക്കുകയും ചെയ്യുന്നു.

### ഇലമഞ്ഞളിപ്പ്

- തലപ്പിലെ കൂമ്പു മുതൽ ഇളം ഓലകളിലാണ് ആദ്യമായി മഞ്ഞളിപ്പു കാണുന്നത്. പിന്നീട് മൂപ്പു കൂടിയ ഓലകളിലേക്കും അവസാനം എല്ലാ ഓലകളിലേക്കും വ്യാപിക്കുന്നു. പുതുതായി വരുന്ന ഓലകൾ നീളം കുറഞ്ഞവയായിരിക്കും. അടയ്ക്കയുടെ വലിപ്പം കുറഞ്ഞു ചുക്കി ചുളിയുന്നു.

# വാഴ

- നന തുടരുക. രണ്ട് ദിവസത്തെ ഇടവേളകളിൽ 25 ലിറ്റർ വെള്ളം ആവശ്യമാണ്.
- പുതയിടൽ മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിന് സഹായിക്കും.
- ജലദൗർലഭ്യമുള്ളിടത്ത് തുള്ളിനനരീതി അനുവർത്തിക്കണം.
- തോട്ടം വൃത്തിയായി സൂക്ഷിക്കുക.
- കുല വരുന്നതിനു മുമ്പുള്ള എല്ലാ കന്നുകളും നശിപ്പിക്കുക.
- കുലച്ച വാഴയ്ക്ക് ഊന്നു കൊടുക്കുക.
- വരൾച്ച, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന വിളനഷ്ടം പരിഹരിക്കുന്നതിന് കൃഷിഭവനിൽ പ്രീമിയം അടച്ച് വിള ഇൻഷൂർ ചെയ്യാവുന്നതാണ്.

| സമയം | യൂറിയ (ഗ്രാം) | രാജ്ഫോസ് (ഗ്രാം) | പൊട്ടാഷ് (ഗ്രാം) |
|---|---|---|---|
| നട്ട് ഒരു മാസത്തിനു ശേഷം | 85 | 325 | 100 |
| രണ്ട് മാസത്തിനു ശേഷം | 65 | 250 | 100 |
| മൂന്ന് മാസത്തിനു ശേഷം | 65 | | 100 |
| നാല് മാസത്തിനു ശേഷം | 65 | | 100 |
| അഞ്ച് മാസത്തിനു ശേഷം | 65 | | 100 |
| കുല പൂർണ്ണമായി വിരിഞ്ഞതിനു ശേഷം | 65 | | |
| **ആകെ** | **410** | **575** | **500** |

- രാസവളം ഗൗഡുക്കളായി നൽകുന്നതാണ് ഉത്തമം. അമിതമായ കൂലിച്ചെലവ് പരിഗണിച്ച് ആവശ്യമെങ്കിൽ രണ്ടോ മൂന്നോ ഗൗഡുക്കൾ ഒന്നിച്ച് നൽകാവുന്നതാണ്.
- വാഴ കുലച്ച് ഒന്നാം മാസത്തിലും രണ്ടര മാസത്തിലും മ്യൂറേറ്റ് ഓഫ് പൊട്ടാഷ് 15 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി കുലയിൽ തളിയ്ക്കുന്നത് കായയുടെ വലിപ്പവും തൂക്കവും വർദ്ധിക്കും.

## കീടരോഗനിയന്ത്രണം

### പൊട്ടാസ്യത്തിന്റെ അഭാവം



- മൂത്ത ഇലകളിലെ മഞ്ഞളിപ്പു അരികുകളിൽ നിന്നു തുടങ്ങി അകത്തേക്ക് വ്യാപിക്കുകയും അരികുകളിൽ കരിച്ചിൽ കണ്ടുതുടങ്ങുകയും ചെയ്യുന്നു.
- ക്രമേണ ഇല ഉണങ്ങി വാഴക്കൈ ഒടിഞ്ഞ് പ്രായമെത്തുന്നതിന് മുമ്പ് തന്നെ നശിച്ചുപോകുന്നു.
- വലിപ്പം കുറഞ്ഞ് രൂപവ്യത്യാസമുള്ള വാഴക്കുലകൾ ഉണ്ടാകുന്നു.

### തടതുരപ്പൻ പുഴു

- വാഴത്തടയിലുള്ള ദ്വാരങ്ങളിലൂടെ നിറമില്ലാത്ത ജെല്ലി പോലുള്ള ദ്രാവകം ഊറി വരും.
- ഇലകൾ മഞ്ഞളിച്ച് ഉണങ്ങുന്നു.
- വാഴത്തൈകൾ ഒടിഞ്ഞു തൂങ്ങുന്നു.
- വാഴത്തട അരമീറ്റർ നീളമുള്ള കഷണങ്ങളാക്കി മുറിച്ചു നെടുകെപിളർന്ന് അവിടവിടെയായി കമിഴ്ത്തിവെച്ചാൽ വണ്ടുകൾ അതിലേക്ക് ആകർഷിക്കപ്പെടും. അവയെ ശേഖരിച്ചു നശിപ്പിക്കാം.



- 3 മാസം പ്രായമുള്ള വാഴയുടെ ഇലപ്പോളകൾക്കിടയിൽ 50 ഗ്രാം ഒരു വാഴയ്ക്ക് എന്ന തോതിൽ വേപ്പിൻകുരു പൊടിച്ചത് നിറയ്ക്കുക.
- ക്ലോർപൈറിഫോസ് (റഡാർ) 20 EC 1.5 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലക്കവിളുകളിൽ നിറയ്ക്കുകയും വാഴത്തടയിൽ തളിയ്ക്കുകയും ചെയ്യണം.

# പച്ചക്കറികൾ

- പച്ചക്കറി വിളകൾ നേരത്തെ നടുന്നത് വൈറസ് രോഗത്തിൽ നിന്ന് രക്ഷപ്പെടുവാൻ സഹായിക്കും.
- സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി സമ്പൂർണ്ണ 10 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കാവുന്നതാണ്.

### വെള്ളരിവർഗ്ഗ വിളകൾ

- വെള്ളരിവർഗ്ഗ വിളകൾ നടുമ്പോൾ തടമൊന്നിന് 100 – 150 ഗ്രാം വേപ്പിൻ പിണ്ണാക്ക് ചേർത്തു കൊടുക്കുന്നത് പല കീടങ്ങളുടെയും മണ്ണിലൂടെ പകരുന്ന രോഗങ്ങളുടെയും ആക്രമണം കുറയ്ക്കും.
- വാട്ടരോഗത്തെ പ്രതിരോധിക്കാൻ സ്യൂഡോമൊണാസ് 20 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കലക്കിയോ രോഗം കണ്ട് തുടങ്ങിയാൽ ബാവിസ്റ്റിൻ 2 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കലക്കിയോ മണ്ണ് കുതിർക്കെ തടത്തിൽ ഒഴിച്ചു കൊടുക്കണം.
- കായീച്ചയുടെ ആക്രമണം ബാധിച്ച കായ്കൾ തോട്ടത്തിൽ നിന്ന് നീക്കം ചെയ്ത് നശിപ്പിക്കുക.ഫിറമോൺ കെണി ഏക്കറിന് 7 എന്ന തോതിൽ ഉപയോഗിക്കുക. കീടബാധ രൂക്ഷമാവുകയാണെങ്കിൽ മാലത്തിയോൺ 2 മി.ലി/1 ലിറ്റർ വെള്ളത്തിൽ കലക്കി സ്പ്രേ ചെയ്യാവുന്നതാണ്.

### പയർ

- വാട്ടരോഗം കാണുകയാണെങ്കിൽ സ്യൂഡോമൊണാസ് 20 ഗ്രാം/ 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കിയോ ബാവിസ്റ്റിൻ 2 ഗ്രാം/സി.ഒ.സി. 3 ഗ്രാം ഒരു ലിറ്റർ എന്ന തോതിൽ വെള്ളത്തിൽ കലക്കിയോ ഒഴിച്ചു കൊടുക്കുക,
- കായ്കളിൽ നിന്ന് നീരൂറ്റിക്കുടിക്കുന്ന ചാഴിയുടെ ആക്രമണം കാണുകയാണെങ്കിൽ മത്തി-ശർക്കര മിശ്രിതം അല്ലെങ്കിൽ മാലത്തിയോൺ തളിച്ചു കൊടുക്കുക.

### പാവൽ – കായീച്ച



- മൂപ്പെത്തുന്നതിനു മുമ്പായി മഞ്ഞളിച്ച പുഴുക്കുത്തേറ്റ കായ്കൾ അഴുകിപ്പോകുന്നു.
- കായ്പിടുത്തം ആരംഭിക്കുന്നതോടെ കടലാസ് കവർ കൊണ്ട് മൂടുക.
- പൂവിട്ട് തുടങ്ങുമ്പോൾ തന്നെ ഫിറമോൺ കെണികൾ (15 സെന്റിന് ഒന്ന്) എന്ന നിരക്കിൽ പന്തലിൽ കെട്ടിത്തൂക്കുക.

### മഗ്നീഷ്യത്തിന്റെ അഭാവം

- പ്രായമായ ഇലകൾ വിളറിയ പച്ചനിറത്തോടും നേർത്ത പച്ച വരകളോടു കൂടിയും കാണപ്പെടുന്നു.
- മഗ്നീഷ്യം സൾഫേറ്റ് ഹെക്ടറിന് 80 കിലോഗ്രാം എന്ന തോതിൽ നൽകുക.

### ചീര – ഇലപ്പുള്ളിരോഗം

- ഇലകളിൽ വെളുത്ത നിറത്തിലുള്ള പൊട്ടുകൾ ധാരാള

മായി കാണുന്നു.



- പച്ചചാണകത്തിന്റെ തെളിഞ്ഞ ലായനിയിൽ (20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) 4 ഗ്രാം ഡേയ്ത്തേൻ M45 ചേർത്തു ഇലയുടെ ഇരുഭാഗവും നനയുന്ന രീതിയിൽ തളിയ്ക്കുക.
- ബേക്കിംഗ് സോഡ മഞ്ഞൾ മിശ്രിതം (1:4 എന്ന അനുപാതത്തിൽ) 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി ഇലകളുടെ ഇരുവശത്തും തളിയ്ക്കുക.

### മുളക് – ഇലച്ചുരുൾ രോഗം



- തളിരിലകൾ ചുരുണ്ട് ചെടിയുടെ വളർച്ച മുരടിക്കുന്നു.
- രോഗം പരത്തുന്ന കീടങ്ങളെ അകറ്റാൻ ഡൈമെത്തോയേറ്റ് 30 EC, 1.5 മില്ലി/ ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിയ്ക്കുക.

### തക്കാളി – വെള്ളീച്ച



- ഇലയുടെ നീരൂറ്റി കുടിക്കുന്നു. ക്രമേണ ഇല മഞ്ഞളിച്ച് ഉണങ്ങിപ്പോകുന്നു.
- മഞ്ഞബോർഡിൽ ആവണക്കെണ്ണ തേച്ച് പലയിടത്തായി തൂക്കിയിടുക.
- 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതമോ 5% വീര്യമുള്ള വേപ്പിൻ കുരു എമൽഷനോ തളിയ്ക്കുക.

ആക്രമണം രൂക്ഷമാണെങ്കിൽ ഡൈമത്തോയേറ്റ് (റോഗർ) 30 EC 1.5 മില്ലി/ലിറ്റർ വെള്ളത്തിൽ കലക്കി തളിയ്ക്കുക.

### കാബേജ്, കോളിഫ്ളവർ

- ഇലകളിൽ സ്പോഡോപ്റ്റീറ ഇലതീനിപ്പുഴുക്കളെ കാണുകയാണെങ്കിൽ അവയെ കൈകൊണ്ട് പിടിച്ചു നശിപ്പിക്കുക.
- ആക്രമണം രൂക്ഷമാവുകയാണെങ്കിൽ ഫെയിം (2 മി.ലി/10 ലിറ്റർ വെള്ളത്തിൽ) തളിച്ചു കൊടുക്കുക.വിളവെടുപ്പ് അടുത്ത സമയത്താണ് ആക്രമണമെങ്കിൽ ഡൈക്ലോർവോസ് (നുവാൻ, ധൂം) എന്ന കീടനാശിനി പ്രയോഗിക്കാവുന്നതാണ്.

### കുരുമുളക് – പൊള്ളുവണ്ട്



- തളിരിലകളിലും ഇളം തണ്ടുകളിലും പുഴുക്കൾ തുളച്ച് ഉൾഭാഗം തിന്നുന്നതിന്റെ ഫലമായി നാമ്പുകൾ ഉണങ്ങി നശിക്കുന്നു. മണികൾ പൊള്ളയായി ഉണങ്ങി കറുത്തു പോവുകയും ചെയ്യുന്നു.
- വേപ്പ് അടിസ്ഥാനമാക്കിയുള്ള കീടനാശിനി 0.03% വീര്യമുള്ളത് (50 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ) കലക്കി തിരിയിടുമ്പോഴും തിരികളിൽ മണി പിടിക്കുമ്പോഴും തളിയ്ക്കണം.
- പൊള്ളുവണ്ടിന്റെ ആക്രമണം കൂടുതലാണെങ്കിൽ ക്വിനാൽഫോസ് (ഏക്കാലക്സ് 2 മി.ലി) / ഡൈമെത്തോയേറ്റ് (റോഗർ 1.5 മി.ലി) ഒരു ലിറ്റർ വെള്ളത്തിൽ) എന്ന തോതിൽ തിരിയിടുമ്പോഴും തിരികളിൽ മണി പിടിയ്ക്കുമ്പോഴും ആവശ്യമെന്നു കണ്ടാൽ മണികൾ മൂപ്പെത്തുമ്പോഴും തളിയ്ക്കണം.

### ദ്രുതവാട്ടം

- രോഗബാധ മൂലം ഇലകൾ പൊഴിയ്ക്കുകയും ശാഖകൾ ഉണങ്ങുകയും ചെയ്യുന്നു. തിരികളിൽ അവിടവിടെ കറുത്ത പാടുകൾ പ്രത്യക്ഷപ്പെട്ടു തിരി കരിയുന്നു.



- വേപ്പിൻ പിണ്ണാക്ക് ചെടി ഒന്നിന് 500 ഗ്രാം വീതം നൽകുക.
- ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം മെയ് – ജൂൺ മാസങ്ങളിൽ തളിച്ചു കൊടുക്കുക.
- 0.2% കോപ്പർ ഓക്സിക്ലോറൈഡ് 5 ലിറ്റർ വീതം ഒഴിച്ചു കൊടുക്കുക.

### മാവ് – കായീച്ച



- കായീച്ച ആക്രമിച്ച പഴങ്ങൾ ശേഖരിച്ച് നശിപ്പിക്കുക.
- പഴയീച്ചക്കെണി (പാളയൻകോടൻ പഴം, ശർക്കര, 2 മി.ലി മാലത്തിയോൺ) ഹെക്ടറിന് 10 എണ്ണം എന്ന തോതിൽ തൂക്കിയിടുക.
- മീഥൈൻ യൂജിനോൾ കെണികൾ ഹെക്ടറിന് 10 എണ്ണം എന്ന തോതിൽ സ്ഥാപിക്കുക.

### കൊമ്പുണക്കം



- കൊമ്പുണക്കം തടയുന്നതിന് കേടുവന്ന ഭാഗം വെട്ടി മാറ്റി 1% ബോർഡോ മിശ്രിതം തളിച്ചു കൊടുക്കുക.

കൃഷിവിജ്ഞാന കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, ആത്മ ബ്ലോക്ക് തല സാങ്കേതിക വിദഗ്ദ്ധർ എന്നിവർ ചേർന്ന് മലപ്പുറം കൃഷി വിജ്ഞാന കേന്ദ്രത്തിൽവെച്ച് നടത്തുന്ന ശില്പശാലയിൽ ഉരുത്തിരിഞ്ഞുവരുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിലാണ് നിർദ്ദേശങ്ങൾ തയ്യാറാക്കിയിരിക്കുന്നത്.

പ്രസിദ്ധീകരിക്കുന്നത് :
ATMA മലപ്പുറം
E-mail: atmamalappuram@gmail.com




atma malappuram

Vol.5 ജനുവരി 2018 No.5

**സസ്യസംരക്ഷണ മാർഗ്ഗങ്ങൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ കൃഷി ഓഫീസറുടെ നിർദ്ദേശപ്രകാരം മാത്രം നടത്തേണ്ടതാണ്.**

## നെല്ല്



### മുണ്ടകൻ

- 80–85% നെൽമണികൾ വൈക്കോൽ നിറമാകുമ്പോൾ കൊയ്ത്ത് തുടങ്ങാം. എല്ലാ ചെടികളും ഒരുപോലെ മൂപ്പെത്തുവാൻ കൊയ്യുന്നതിന് ഒരാഴ്ച മുമ്പു തന്നെ വെള്ളം വാർത്തു കളയണം.
- വിത്തെടുക്കുന്ന പാടങ്ങളിൽ കളളക്കതിരുകൾ നീക്കം ചെയ്യണം. പൊട്ടിച്ചുനോക്കിയാൽ നടുവിൽ സൂചിക്കനത്തിൽ മാത്രം വെളുപ്പ് അവശേഷിക്കുന്ന പരുവമാണ് വിത്തിനുള്ള പാകം.

### പുഞ്ച

- പറിച്ചുനടേണ്ട സ്ഥലത്തിന്റെ പത്തിലൊരു ഭാഗം ഞാറ്റടി തയ്യാറാക്കണം.

### നിലമൊരുക്കൽ

- കോൾ നിലങ്ങളിൽ അമ്ലാംശം കുറയ്ക്കുന്നതിന് കുമ്മായം/ ഡോളോമൈറ്റ് 240 കി.ഗ്രാം/ഏക്കറിന് പാടത്ത് വിതറുക.
- അടിവളമായി ഏക്കറിന് കാലിവളം (2 ടൺ)/മണ്ണിര കമ്പോസ്റ്റ് (1 ടൺ) ചേർക്കുക.
- സൂക്ഷ്മമൂലകങ്ങൾ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ചേർക്കുക.

| | | |
|---|---|---|
| മഗ്നീഷ്യം | മഗ്നീഷ്യം സൾഫേറ്റ് | 50 കി.ഗ്രാം |
| ബോറോൺ | ബോറാക്സ് | 5 കി.ഗ്രാം |
| സിങ്ക് | സിങ്ക് സൾഫേറ്റ് | 8 കി.ഗ്രാം |
| സിലിക്കൺ | ഉമി | 300–400 കി.ഗ്രാം |

- സമ്പൂർണ്ണ (നെല്ലിലേക്കുള്ള സൂക്ഷ്മമൂലക മിശ്രിതം) നട്ട് 20–)0 ദിവസവും 50 ദിവസങ്ങൾക്ക് ശേഷവും 10ഗ്രാം / 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുന്നത് സൂക്ഷ്മമൂലകങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിന് സഹായിക്കും.

വിത്ത് : ജ്യോതി, കാഞ്ചന, മട്ടത്രിവേണി, ഹർഷ, അന്നപൂർണ്ണ, ഗൗരി, ഉമ ഹ്രസ്വ.

- പറിച്ചുനടുന്നതിന്: 32 കി.ഗ്രാം/ ഏക്കറിന്

### വിത്ത് പരിചരണം

- വിത്തിലൂടെ പകരുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് സ്യൂഡോമൊണാസ്/ട്രൈക്കോഡർമ 10 ഗ്രാം/1 കി.ഗ്രാം വിത്തിന് എന്ന തോതിൽ കൂട്ടിക്കലർത്തി 12 – 24 മണിക്കൂർ വച്ചതിനു ശേഷം വിതയ്ക്കുക.
- പറിച്ചു നടുന്നതിന് 2 ദിവസം മുമ്പ് സ്യൂഡോമൊണാസ് 20 ഗ്രാം/1 ലിറ്റർ വെള്ളത്തിൽ കലർത്തി കുളിപ്പിച്ച് സ്പ്രേ ചെയ്യുന്നതും, പറിച്ച ഞാറിന്റെ ചുവട് സ്യൂഡോമൊണാസ് ലായനിയിൽ (20 ഗ്രാം/1 ലിറ്റർ വെള്ളം) മുക്കി വെച്ച ശേഷം നടുന്നതും നല്ലതാണ്.

### ഞാറ് നടീൽ

- 15 x 10 cm അകലത്തിൽ ഒരു ചുവട്ടിൽ 2 – 3 ഞാറ് ഉണ്ടാകുന്ന വിധം നടുക.
- ഹ്രസ്വകാല മൂപ്പുള്ള ഇനം 18 – 20 ദിവസത്തിലും പറിച്ചു നടേണ്ടതാണ്.

ഓരോ 3 മീറ്റർ കഴിയുമ്പോഴും 30 cm സ്ഥലം വിടുന്നത് വളപ്രയോഗത്തിനും മരുന്നടിക്കുന്നതിനും കീടബാധ കുറയ്ക്കുന്നതിനും സഹായകരമാകും.

**അടിവളപ്രയോഗം (1 ഏക്കറിന്)**

**കോപ്ലക്സ് വളങ്ങൾ ഉപയോഗിക്കുമ്പോൾ**

| ഇനം | ഫാക്റ്റംഫോസ് (കി.ഗ്രാം) | മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് (കി.ഗ്രാം) |
|---|---|---|
| ഹ്രസ്വകാല മൂപ്പുള്ളയിനം | 70 | 12 |
| മധ്യകാല മൂപ്പുള്ളയിനം | 90 | 15 |